# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7972 16.7.2014- ൽ മറുപടി നൽകേണ്ടിയിരുന്നത്**

## സ്വർണ്ണവ്യാപാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ | ശ്രീ. കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

(എ) സംസ്ഥാനത്ത് ഒരു വർഷം എത്ര രൂപയുടെ സ്വർണ്ണവ്യാപാരം നടക്കുന്നതായാണ് കണക്കാക്കപ്പെടുന്നത് ;

(എ) വാണിജ്യ നികുതി വകുപ്പിന്റെ software ആയ KVATIS-ൽ ലഭ്യമായ കണക്കുകൾ പ്രകാരം സ്വർണ്ണത്തിന്റെ വിറ്റുവരവ് ഇറക്കുമതി ഉൾപ്പെടെ 43,204 കോടി രൂപയാണെന്ന് കണക്കാക്കപ്പെടുന്നു.

(ബി) സംസ്ഥാനത്ത് ഒരു വർഷം എത്ര ടൺ സ്വർണ്ണവ്യാപാരം നടക്കുന്നുണ്ട് ;

(ബി) വിൽക്കപ്പെടുന്ന സ്വർണ്ണത്തിന്റെ തൂക്കം റിട്ടേൺ പ്രകാരം ശേഖരിക്കാത്തതിനാൽ കൃത്യമായി തിട്ടപ്പെടുത്തുവാൻ സാദ്ധ്യമല്ല.

(സി) സംസ്ഥാനത്ത് സ്വർണ്ണവ്യാപാരത്തിന് ഇപ്പോൾ എത്ര ശതമാനം വാറ്റ് ആണ് ചുമത്തിയിട്ടുള്ളത് ;

(സി) സംസ്ഥാനത്ത് സ്വർണ്ണവ്യാപാരത്തിന്, കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം 5 ശതമാനമാണ് നികുതി നിരക്ക്.

(ഡി) സംസ്ഥാനത്ത് സ്വർണ്ണവ്യാപാരത്തിൽ നിന്നും നികുതിയിനത്തിൽ 2011-12, 2012-13, 2013-14 വർഷങ്ങളിൽ എത്ര തുകയുടെ വരവുണ്ടായി എന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് സ്വർണ്ണവ്യാപാരത്തിൽ നിന്നും നികുതിയിനത്തിൽ 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ ലഭിച്ച തുക ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച തുക (കോടിയിൽ) |
|---|---|
| 2011-12 | 302.20 |
| 2012-13 | 393.54 |
| 2013-14 | 471.53 |

(ഇ) സ്വർണ്ണവ്യാപാരത്തിന് ദക്ഷിണേന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഏകീകരിച്ച നികുതിയാണോ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ സ്വർണ്ണാഭരണങ്ങളുടെ നികുതി നിരക്ക് ഒരു ശതമാനമാണ്.

| | | | |
|---|---|---|---|
| (എഫ്) | സ്വർണ്ണവ്യാപാരത്തിന് ദക്ഷിണേന്ത്യയിൽ ഏറ്റവുമധികം നികുതി ഈടാക്കുന്നത് കേരളമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ജി) | എങ്കിൽ ദക്ഷിണേന്ത്യയിലെ മറ്റു സംസ്ഥാനങ്ങളോട് ഏകീകരിച്ച് നികുതിപരിഷ്ക്കരണം നടത്തുവാനും വ്യാപാരച്ചോർച്ചയും കള്ളക്കടത്തും തടയുവാനും വഴിയൊരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ജി) | ഇന്ത്യയിൽ മൂല്യവർദ്ധിത നികുതി സമ്പ്രദായം നടപ്പാക്കുന്നതിനുള്ള ഉന്നതാധികാര സമിതിയുടെ ശുപാർശയനുസരിച്ച് 2005-06 സാമ്പത്തികവർഷത്തിൽ ആഭരണങ്ങൾക്ക് സംസ്ഥാനത്ത് ഒരു ശതമാനം നികുതി ഏർപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത വർഷം സ്വർണ്ണത്തിൽ നിന്നുള്ള നികുതി വരുമാനം 51.48 കോടിയിൽ നിന്ന് 21.21 കോടിയായി താഴ്ന്നതിനാൽ 2006-07 സാമ്പത്തിക വർഷം മുതൽ സ്വർണ്ണാഭരണങ്ങളുടെ നികുതി നിരക്ക് 4 ശതമാനമായി ഉയർത്തിയിരുന്നു. തുടർന്ന് 2012-13 സാമ്പത്തികവർഷം പൊതു നിരക്കായ 4 ശതമാനം എന്നത് 5 ശതമാനമായി ഉയർത്തിയപ്പോൾ സ്വർണ്ണാഭരണങ്ങളുടെ നികുതിനിരക്കും 5 ശതമാനമായിട്ടുണ്ട്.<br><br>ബില്ലോ, വ്യാപാര സ്ഥാപനമോ ഇല്ലാതെയുള്ള കച്ചവടവും, സ്യൂട്ട് കേസുകളിലും മറ്റും സുഗമമായി കടത്തുവാനുള്ള സൗകര്യവും കാരണം സ്വർണ്ണം നികുതി ചോർച്ച കൂടുതലായി ഉള്ള ഒരു മേഖലയായാണ് വർഗ്ഗീകരിക്കപ്പെട്ടിട്ടുള്ളത്. അതിനാൽ കോമ്പൗണ്ടിംഗ് വ്യവസ്ഥയാണ് ഈ മേഖലയിൽ നിന്ന് നികുതി പിരിക്കുവാൻ അഭികാമ്യമായി കാണുന്നത്. അതിനായി കൂടുതൽ വ്യാപാരികളെ കോമ്പൗണ്ടിംഗ് വ്യവസ്ഥയിലേക്ക് കൊണ്ടുവരുവാനാണ് ഉയർന്ന ഷെഡ്യൂൾ നികുതി നിരക്ക് ഏർപ്പെടുത്തിയിട്ടുള്ളത്. കോമ്പൗണ്ടിംഗ് വ്യവസ്ഥ ഏർപ്പെടുത്തിയതിനുശേഷം നികുതി പിരിവ് 21.21 കോടിയിൽ നിന്നും 2006-07 -ൽ 97.90 കോടി രൂപയായി വർദ്ധിച്ചു. 2012-13 സാമ്പത്തിക വർഷം ഈ മേഖലയിൽ നിന്നും 393.54 കോടി രൂപയും 2013-14-ൽ 471.53 കോടി രൂപ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. കോമ്പൗണ്ടിംഗ് ചെയ്ത സ്വർണ്ണവ്യാപാരികൾക്ക് അവർ ഒടുക്കിയ നികുതിയുടെ |

അടിസ്ഥാനത്തിൽ 1.03 ശതമാനം മുതൽ 1.5 ശതമാനം വരെ ഉപഭോക്താക്കളിൽ നിന്നും നികുതി പിരിക്കാവുന്നതാണ്. ഉയർന്ന ഷെഡ്യൂൾ നിരക്കും ആകർഷകമായ കോമ്പൗണ്ടിംഗ് വ്യവസ്ഥയും ചേർന്ന സമവാക്യം നികുതി വരുമാനം ഉയർത്തിയിട്ടുള്ളതായാണ് കണ്ടുവരുന്നത്.

**സെക്ഷൻ ഓഫീസർ**